## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 07 03.02.2020 ൽ മറുപടിയ്ക്ക്

## സപ്ലൈകോ ഔട്ട് ലെറ്റുകളുടെ പ്രവർത്തനം

ചോദ്യം

ശ്രീ. സി. എഫ്. തോമസ്
ശ്രീ. മോൻസ് ജോസഫ്
ശ്രീ. പി. ജെ. ജോസഫ്

ഉത്തരം

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | സപ്ലൈകോ ഔട്ട് ലെറ്റുകളിൽ അവശ്യ സാധനങ്ങളുടെ വിലക്കയറ്റവും ലഭ്യതക്കുറവും പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | സപ്ലൈകോ ഔട്ട് ലെറ്റുകളിൽ അവശ്യ സാധനങ്ങൾക്ക് വിലക്കയറ്റമുണ്ടായിട്ടില്ല. കാര്യക്ഷമമായ പർച്ചേസ് സംവിധാനത്തിലൂടെ ലഭ്യത ഉറപ്പ് വരുത്തുന്നതിന് വേണ്ട നടപടികൾ എടുത്തിട്ടുണ്ട്. ടെണ്ടർ മുഖേനയും നാഫെഡ്, കേന്ദ്രീയ ഭണ്ഡാർ തുടങ്ങിയ കേന്ദ്ര ഏജൻസികൾ മുഖേനയും സാധനങ്ങൾ എത്തിച്ച് അവശ്യസാധനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കുറഞ്ഞ വിലയിൽ കൂടുതൽ സാധനങ്ങൾ വിപണിയിൽ എത്തിക്കുക വഴി അവശ്യ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രണാധീനമാക്കുന്നതിനും സാധിക്കുന്നുണ്ട്. |
| (ബി) | ഔട്ട് ലെറ്റുകളിൽ അവശ്യ സാധനങ്ങൾ പലതും ജനങ്ങൾക്ക് മുൻകാലങ്ങളിൽ ലഭിച്ചുകൊണ്ടിരുന്നതിനേക്കാൾ കുറഞ്ഞ അളവിൽ നൽകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുവാൻ നടപടി | (ബി) | ആവശ്യകതയ്ക്ക് അനുസരിച്ച് ഓരോ മാസവും ഇ-ടെണ്ടർ നടത്തി, സപ്ലൈകോ വില്പനശാലകളിൽ എല്ലാ അവശ്യ വസ്തുക്കളുടെയും ലഭ്യത ഉറപ്പ് വരുത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. സബ് സിഡി നിരക്കിൽ വില്പന നടത്തുന്ന ചില സാധനങ്ങൾക്ക് |

| | | | |
|---|---|---|---|
| | സ്വീകരിക്കുമോ: | | ഉൽപ്പാദന കേന്ദ്രങ്ങളിൽ ഉണ്ടായ വിലക്കയറ്റം, (വൻപയർ, ഉഴുന്ന് എന്നിവയുടെ) ലഭ്യതക്കുറവ്, എന്നിവ മൂലവും, കൂടുതൽ ഉപഭോക്താക്കൾക്ക് കുറഞ്ഞ വിലയുടെ പ്രയോജനം എത്തിക്കാനും, പ്രതിമാസ വിതരണത്തോതിൽ താൽക്കാലികമായ കുറവ് വരുത്തേണ്ടി വന്നിട്ടുണ്ട്. കാര്യക്ഷമമായ വാങ്ങൽ സംവിധാനത്തിലൂടെ കുറഞ്ഞ വിലയിൽ കൂടുതൽ സ്റ്റോക്ക് എത്തിക്കുന്നതു വഴി ഈ പ്രതിസന്ധി പരിഹരിക്കാൻ കഴിയും. |
| (സി) | സപ്ലൈകോ ഔട്ട് ലെറ്റുകൾ ജനസൗഹൃദമാക്കുന്നതിനും കാലോചിതമായി പരിഷ്കരിക്കുന്നതിനും ഷോപ്പുകൾ ആധുനികവൽക്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (സി) | സപ്ലൈകോ വിൽപ്പനശാലകൾ ജനസൗഹൃദമാക്കുന്നതിനും കാലോചിതമായി സപ്ലൈകോ വിൽപ്പനശാലകൾ ജന സൗഹൃദമാക്കുന്നതിനും കാലോചിതമായി പരിഷ്കരിക്കുന്നതിനും, ആധുനീകരിക്കുന്നതിനുമുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്.<br>കൂടുതൽ സ്ഥല സൗകര്യമുള്ള മാവേലി സ്റ്റോറുകളിൽ സെൽഫ് സർവ്വീസ് കൗണ്ടറുകൾ സ്ഥാപിച്ച് മാവേലി സൂപ്പർ സ്റ്റോറാക്കി മാറ്റുന്നതുവഴി ഉപഭോക്താക്കൾക്ക് ആവശ്യമുള്ള സബ്സിഡി ഒഴികെയുള്ള സാധനങ്ങൾ ഇഷ്ടാനുസരണം തെരഞ്ഞെടുക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തി വരുന്നു. 10 ലക്ഷം രൂപയ്ക്കു മുകളിൽ പ്രതിമാസ വിൽപ്പനയുള്ള മാവേലി സ്റ്റോറുകളെ കൂടുതൽ വിശാലമായ |

കെട്ടിടത്തിലേക്ക് മാറ്റി സൂപ്പർ മാർക്കറ്റ് ആയി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ നിലവിലെ സൂപ്പർ മാർക്കറ്റ്, പീപ്പിൾസ് ബസാർ, ഹൈപ്പർ മാർക്കറ്റ് എന്നിവയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും, ആധുനീകരിക്കുകയും പുതിയ നെയിം ബോർഡ്, സി.സി.ടി.വി., ജനറേറ്റർ, കമ്പ്യൂട്ടർ, പ്രിൻറർ, ബാർകോഡ് റീഡർ തുടങ്ങിയവയും, ആകർഷകമായ റാക്കുകൾ, കൗണ്ടറുകൾ, മുതലായവയും സ്ഥാപിച്ച് വിൽപ്പനശാലകൾ കൂടുതൽ ഉപഭോക്തൃ സൗഹൃദമാക്കി തീർക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഇത്തരത്തിൽ 2018 - 19 സാമ്പത്തിക വർഷത്തിൽ 86 വിൽപ്പനശാലകൾ നവീകരിക്കുകയും ആയതിന് 7.07 കോടി രൂപ ചെലവഴിച്ചിട്ടുമുണ്ട്. 2019 - 20 സാമ്പത്തിക വർഷത്തിൽ ഇതുവരെ 62 വിൽപ്പനശാലകൾ നവീകരിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ